കാലിക്കറ്റ് സർവ്വകലാശാല
ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

പത്രക്കുറിപ്പ്

2026-27 അധ്യയന വർഷം നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ (2024 ബാച്ച്) നാലാം സെമസ്റ്ററിലെ മേജർ നിലനിർത്തിക്കൊണ്ടുള്ള കോളേജ് ട്രാൻസ്ഫറിനായി അപേക്ഷിച്ച വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് സർവകലാശാല പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്റ്റുഡൻസ് ലോഗിൻ പേജിൽ ക്യാപ്പ് ഐഡി , സെക്യൂരിറ്റി കീ എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് റാങ്ക് നില പരിശോധിക്കാവുന്നതാണ്.

കോളേജ് ട്രാൻസ്ഫർ ലഭിച്ച വിദ്യാർത്ഥികൾ സർവകലാശാല ഇ - പേയ്മെന്റ് സംവിധാനം ഉപയോഗിച്ച് **TRA 101 – FEE FOR COLLEGE TRANSFER** എന്ന ഹെഡിൽ **445 രൂപ** കോളേജ് ട്രാൻസ്ഫർ ഫീസ് ഒടുക്കേണ്ടതാണ്.

റാങ്ക് പട്ടികയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ കോളേജുമായി ബന്ധപ്പെട്ട് **03.02.2026 തീയതി വൈകിട്ട് 5** മണിക്കുള്ളിലായി പ്രവേശനം നേടേണ്ടതാണ്. കോളേജുകളെ ബന്ധപ്പെടേണ്ട ഫോൺ നമ്പർ സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്. കോളേജുകൾ നിർദ്ദേശിക്കുന്ന രേഖകൾ സഹിതം നേരിട്ട് ഹാജരായി താത്കാലിക പ്രവേശനം നേടേണ്ടതാണ്. സർവകലാശാല കോളേജ് ട്രാൻസ്ഫർ ക്രമീകരിച്ചതിന് ശേഷം മാത്രമേ ട്രാൻസ്ഫർ ലഭിച്ച വിദ്യാർത്ഥികൾ മാതൃകോളേജിൽ നിന്നും ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് വാങ്ങാവൂ.

കൂടുതൽ വിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് (https://admission.uoc.ac.in/admission?pages=Transfer) സന്ദർശിക്കുക. ഫോൺ നം . 0494- 240 7016 , 7017 , 7152

(ഒപ്പ്)

ഡയറക്ടർ

C.U. Campus

29.01.2026